(ബി) പ്രസ്തുത ഉത്തരവ് അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ആരോഗ്യവകുപ്പിൽ 267 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോട് കൂടിയ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. 26-5-2014, 1-1-2015 എന്നീ തീയതികളിലെ സ. ഉ. (സാധ) നമ്പർ 1669/2014/ആ.കു.വ., സ.ഉ. (സാധ)നമ്പർ 4/2015/ആ.കു.വ. പ്രകാരമാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്.

(ബി) 6-6-2009-ലെ സ.(എംഎസ്.)നമ്പർ 152/09/ആ.കു.വ.,15-10-2009-ലെ ജി.ഒ.(എംഎസ്.)നമ്പർ 357/2009/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരമാണ് ആരോഗ്യവകുപ്പിൽ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നത്. സ്പെഷ്യാലിറ്റി കേഡറിലേക്ക് ഓപ്ഷൻ സ്വീകരിച്ച് പോയിന്റ് അടിസ്ഥാനത്തിൽ (സർവ്വീസ് സീനിയോറിറ്റി, പി.ജി.യോഗ്യത ലഭിച്ച വർഷം) സീനിയോറിറ്റി ലിസ്റ്റ് തയ്യാറക്കി ജൂനിയർ കൺസൾട്ടന്റ്/കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിൽ പ്രാരംഭമായി നിയമനം നടത്തിയിട്ടുള്ളതുമാണ്. അതിന് തുടർച്ചയായി നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരിൽ നിന്നും സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരായി നിയമനം നടത്തുന്നു. കൂടാതെ സ്പെഷ്യാലിറ്റിയിൽ സർവ്വീസ് ഡോക്ടർമാരുടെ അഭാവത്തിൽ പി.എസ്.സി. മുഖേന നേരിട്ട് സ്പെഷ്യലിസ്റ്റുകളെ (ജൂനിയർ കൺസൾട്ടന്റ്) ആയി നിയമിച്ചുവരുന്നു. എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളും

24 (*84) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ വൃത്തിഹീനമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വ നിലവാരത്തെക്കുരിച്ച് സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിശോധനകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വമില്ലായ്മ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി: (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സേഫ് കേരളാ പരിപാടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 22-7-2014-ലും 23-2-2015-ലും ഇതര ദേശക്കാരായ തൊഴിലാളികളുടെ ജോലി സ്ഥലങ്ങളിലും താമസസ്ഥലങ്ങളിലും പ്രത്യേക പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയുടെ ഭാഗമായി ടി തൊഴിലാളികളുടെ രക്തസാമ്പിളുകൾ മലമ്പനി പരിശോധനയ്ക്ക് വിധേയമാക്കി. അനാരോഗ്യകരമായ ചുറ്റുപാടുകൾ കണ്ടെത്തിയ ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുകയുണ്ടായി. തീരെ മോശമായ സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്ന ക്യാമ്പുകൾ അടച്ചുപൂട്ടുകയുണ്ടായി. നോട്ടീസ് കൊടുത്തതോ, അടച്ചു പൂട്ടിയതോ ആയ കേന്ദ്രങ്ങളിൽ വീണ്ടും പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സുരക്ഷാ കേരളം പ്രോഗ്രാമിന്റെ ഭാഗമായും അല്ലാതെയും അതത് പ്രദേശത്തെ ഫീൽഡ് വർക്കർമാരും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും തൊഴിൽ സ്ഥലങ്ങളിലും സന്ദർശനം നടത്തി പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഉണ്ട്. ഇതര ദേശക്കാരായ തൊഴിലാളികളുടെ അടിസ്ഥാന ശുചിത്വ മില്ലായ്മ നിമിത്തം താമസ സ്ഥലത്തിനടുത്തുള്ള ജലസ്രോതസ്സുകൾ മലിനമാക്കുന്ന തായി പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അതീവ വൃത്തിഹീനമായതും ഇടുങ്ങിയതുമായ സ്ഥലങ്ങളിൽ താമസിപ്പിക്കുന്നത് ഇവരുടെ ആരോഗ്യത്തെ നേരിട്ട് ബാധിക്കും. പ്രസ്തുത പരിശോധനയിൽ മന്ത്, മലമ്പനി തുടങ്ങിയ പകർച്ച വ്യാധികൾ ഉള്ള ആളുകളേയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly